# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **1494** **03.05.2017**- ൽ മറുപടിയ്ക്ക്

## പ്രവാസി ക്ഷേമ പെൻഷൻ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) | പ്രവാസിക്ഷേമ പെൻഷൻ ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങളും അപേക്ഷ സമർപ്പിക്കേണ്ട നടപടിക്രമങ്ങളും അറിയിക്കാമോ ; | എ) അറുപത് വയസ്സ് പൂർത്തിയായതും, അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിലും അറുപത് വയസ്സ വരെയും അംശദായം അടച്ചിട്ടുള്ളതുമായ ഓരോ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം ആയിരം രൂപയും ഓരോ മുൻ പ്രവാസി കേരളീയനായ (വിദേശം) അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും ഓരോ പ്രവാസി കേരളീയനായ (ഭാരതം) അംഗത്തിനും, ഓരോ കല്പിത അംഗത്തിനും പ്രതിമാസം അഞ്ഞൂറു രൂപയും പ്രവാസി ക്ഷേമ ബോർഡിൽ നിന്നും പെൻഷൻ അനുവദിച്ച വരുന്നുണ്ട്. അഞ്ച് വർഷത്തിൽ കൂടുതൽ കാലം തുടർച്ചയായി അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് അവർ പൂർത്തിയാക്കിയ ഓരോ അംഗത്വ വർഷത്തിനും നിശ്ചയിച്ചിട്ടുള്ള മിനിമം പെൻഷൻ തുകയുടെ മൂന്ന് ശതമാനത്തിന് തുല്യമായ തുക കൂടി പ്രതിമാസം അധിക പെൻഷനായി നല്കി വരുന്നുണ്ട്.<br>പെൻഷന് വേണ്ടിയുള്ള അപേക്ഷ ഫോറം നമ്പർ -5 ൽ ബന്ധപ്പെട്ട മേഖല/ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർക്ക് അപേക്ഷയും ഒരു പകർപ്പും സമർപ്പിക്കേണ്ടതാണ്. 60 വയസ്സ് |

| | | | |
|---|---|---|---|
| | | | പൂർത്തിയായ ശേഷം തൊട്ടടുത്ത മാസം മുതൽക്കോ / 60 വയസ്സ് കഴിഞ്ഞ് സമർപ്പിക്കുന്ന അപേക്ഷകളെ സംബന്ധിച്ച് അപേക്ഷ സമർപ്പിച്ച തൊട്ടടുത്ത മാസം ഒന്നാം തീയതി മുതൽക്കോ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. |
| ബി) | ഈ സർക്കാർ പ്രവാസി ക്ഷേമ പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപയായിട്ടാണ് ഇത് വർദ്ധിപ്പിച്ചിട്ടുള്ളത് ; ഏത് തീയതി മുതൽ വർദ്ധിപ്പിച്ച പെൻഷൻ നല്കാൻ കഴിയുമെന്നാണ് കരുതുന്നത് ; | ബി) | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രവാസി ക്ഷേമനിധി പെൻഷൻ 500/- രൂപയിൽ നിന്ന് 2000/- രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഉത്തരവ് ഉടൻ പുറപ്പെടുവിക്കുന്നതാണ്. |
| സി) | പ്രസ്തുത പെൻഷൻ വിതരണത്തിൽ കുടിശ്ശികയുണ്ടോ ; എങ്കിൽ എത്ര മാസത്തെ പെൻഷനാണ് വിതരണം ചെയ്യാൻ കുടിശ്ശികയായിട്ടുള്ളത് ; | സി) | പെൻഷൻ കുടിശ്ശികയില്ല. 2017 മാർച്ച് വരെയുള്ള പെൻഷൻ അനുവദിച്ചിട്ടുണ്ട്. |
| ഡി) | അർഹരായ മുഴുവൻ പ്രവാസികളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | ഡി) | അർഹരായ മുഴുവൻ പ്രവാസികളെയും പ്രവാസി ക്ഷേമ നിധിയിൽ അംഗങ്ങളാക്കുവാൻ ബോധവത്കരണ പരിപാടികൾ ബോർഡ് നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ